**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6544** **21/11/2019 ൽ മറുപടിയ്ക്ക്**

**വയനാടിനെ സമ്പൂർണ്ണ സാക്ഷരതാ ജില്ലയായി മാറ്റാൻ നടപടി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് തൊണ്ണൂറു ശതമാനത്തിൽ കുറവ് സാക്ഷരതാ നിരക്കുള്ള ഏക ജില്ല വയനാടാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) വയനാടിനെ സമ്പൂർണ്ണ സാക്ഷരതാ ജില്ലയായി മാറ്റിയെടുക്കുവാൻ സാക്ഷരതാ മിഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ഉണ്ട്. വയനാട് പ്രത്യേക ആദിവാസി സാക്ഷരതാ പദ്ധതിയെന്നാണ് പദ്ധതിയുടെ പേര്. വയനാട്ടിലെ ആദിവാസി ഊരുകൾ സമ്പൂർണ്ണ സാക്ഷരത നേടുന്നതോടുകൂടി വയനാട് ജില്ല സമ്പൂർണ്ണ സാക്ഷരത കൈവരിക്കും. |
| (സി) വയനാട്ടിൽ 2017-ൽ ആരംഭിച്ച പ്രത്യേക സാക്ഷരതാ പദ്ധതി വിജയപ്രദമായിരുന്നോ; ഇതിലൂടെ എത്ര പേരെ സാക്ഷരരാക്കുവാൻ കഴിഞ്ഞു എന്നറിയിക്കാമോ? | (സി) വിജയപ്രദമായിരുന്നു. 2017-18 ഒന്നാംഘട്ടം സാക്ഷരതാ പരിപാടിയിലൂടെ 4512 പേരും 2018-19 രണ്ടാംഘട്ട സാക്ഷരതാ പരിപാടിയിലൂടെ 2993 പേരും സാക്ഷരരായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ